വനവിഭവങ്ങൾ

* 540 [577] ഡോ. എ. സുബ്ബറാവു:
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ:
ശ്രീ. കെ. പി. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വനങ്ങളിൽ നിന്നും ലഭ്യമാകുന്ന പശകം, മരക്കറകം, ചായങ്ങൾ, ഊറയ്ക്കിടുന്ന പദാർത്ഥങ്ങൾ എന്നിവയുടെ അളവ് ഒരു വർഷത്തിൽ എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇവ ലഭിക്കുന്ന റെയിഞ്ചുകൾ ഏതെല്ലാമാണ്;

(സി) മേൽപ്പറഞ്ഞ വിഭവങ്ങൾ ചൂഷണം ചെയ്യപ്പെടുന്നത് തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ):

(എ) പശകം 13274 കി.

ചായങ്ങളും ഊറയ്ക്കിടുന്ന പദാർത്ഥങ്ങളും 292984 കി.

(ബി) ആകെയുള്ള 69 റേഞ്ചുകളിൽ മിക്കവാറും എല്ലാ റേഞ്ചുകളിൽ നിന്നും ഇവ ലഭിക്കുന്നുണ്ട്.

(സി) വനം വകുപ്പിന്റെ ഫീൽഡ് സ്റ്റാഫ്, വിഭവങ്ങൾ ശേഖരിക്കുവാൻ ചുമതലപ്പെടുത്തിയിട്ടുള്ള ഗിരിജന സഹകരണ സംഘങ്ങളുടെ സഹായത്തോടെ, അനധികൃത ശേഖരണമുണ്ടെങ്കിൽ തടയുവാൻ പ്രവർത്തിക്കുന്നുണ്ട്.

വനപാലകൻമാരുടെ സൗകര്യം വർദ്ധിപ്പിക്കാൻ നടപടി

* 541 [578] ശ്രീ. കെ. ജെ. ജോർജ്ജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനപാലകൻമാർക്ക് എന്തെല്ലാം ആയുധങ്ങൾ നൽകിയിട്ടുണ്ട്;

(ബി) വനപാലകർക്ക് വീടുകൾ നിർമ്മിച്ചു കൊടുക്കാൻ പരിപാടിയുണ്ടോ;

(സി) ഇല്ലെങ്കിൽ അവർക്ക് ക്വാർട്ടേഴ്സ് പണിയുന്നതിനുള്ള ഒരു പദ്ധതി നടപ്പിലാക്കുമോ;

(ഡി) വനം രക്ഷിക്കുന്നതിനുവേണ്ടി ഇപ്പോൾ വാഹനങ്ങൾ ഉണ്ടോ;

(ഇ) ഇതിനുവേണ്ടി ഈ സാമ്പത്തിക വർഷം എത്ര പുതിയ വാഹനങ്ങൾകൂടി വാങ്ങാൻ ഉദ്ദേശിക്കുന്നു?

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ):

(എ) തോക്കുകൾ.

LIBRARY ARCHIVES Kerala Legislative Assembly

(ബി, സി) വീടുകൾ നിർമ്മിക്കുന്നതിനു ആണ്ടുതോറും ബഡ്ജറ്റിൽ വക കൊള്ളിക്കുന്നുണ്ട്. കൂടാതെ വനസംരക്ഷണത്തിന് കേന്ദ്രസഹായത്തോടുകൂടി നടപ്പാക്കാനുദ്ദേശിക്കുന്ന ബൃഹത്തായ ഒരു പദ്ധതിയിൽ വനപാലകർക്ക് പാർപ്പിട സൗകര്യങ്ങൾ ഉണ്ടാക്കുന്നതും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതു സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) ഉണ്ട്. എന്നാൽ വാഹനങ്ങൾ ഇനിയും ആവശ്യമാണ്.

(ഇ) 3 ജീപ്പ്, 32 മോട്ടോർ സൈക്കിളും കൂടി വാങ്ങുവാൻ ഉദ്ദേശിക്കുന്നു.

സമഗ്രമായ വന നയം

* 542 [579] ശ്രീ. പി. സി. തോമസ്:
,, എം. ജിനദേവൻ:
,, ജി. വാദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്രമായ ഒരു വന നയം രൂപീകരിക്കുന്നതിനായി സർക്കാർ വിദഗ്ദ്ധ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

വനം വകുപ്പു മന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ):

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

വനം വകുപ്പ് വിജിലൻസിന്റെ പ്രവർത്തനം

* 543 [580] ശ്രീ. സി. ടി. കൃഷ്ണൻ:
ശ്രീമതി പി. ദേവൂട്ടി:
ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ:
,, കെ. പുരുഷോത്തമൻ:
,, ഒ. ഭരതൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പു വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനം വകുപ്പിൽ എത്ര ക്രമക്കേടുകൾ നടന്നതായി കണ്ടുപിടിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly